096/2026-M

Question Booklet Alpha Code: **A**

Question Booklet Serial Number:

Total Number of questions : 100 Time : 1 hour 30 Minutes

Maximum Marks : 100

INSTRUCTIONS TO CANDIDATES

1. The question paper will be given in the form of a Question Booklet. There will be four versions of question booklets with question booklet alpha code viz. A, B, C & D.
2. The Question Booklet Alpha Code will be printed on the top left margin of the facing sheet of the question booklet.
3. The Question Booklet Alpha Code allotted to you will be noted in your seating position in the Examination Hall.
4. If you get a Question Booklet where the alpha code does not match to the allotted Alpha Code in the seating position, please draw the attention of the Invigilator IMMEDIATELY.
5. The Question Booklet Serial Number is printed on the top right margin of the facing sheet. If your Question Booklet is un-numbered, please get it replaced by new Question Booklet with same Alpha Code.
6. The Question Booklet will be sealed at the middle of the right margin. Candidate should not open the Question Booklet, until the indication is given to start answering.
7. Immediately after the commencement of the examination, the candidate should check that the Question Booklet supplied to him contains all the 100 questions in serial order. The Question Booklet does not have unprinted or torn or missing pages and if so he/she should bring it to the notice of the Invigilator and get it replaced by a complete booklet with same alpha code. This is most important.
8. **Question Serial No. 1 to 80 are printed both in English and in Official Language (Malayalam). Doubts regarding the meaning and translation of Question Serial No. 1 to 80 will be settled based on the Questions in English.**
9. Two blank pages are provided before the last page of this Question Paper for rough work.
10. **Please read carefully all the instructions on the reverse of the Answer Sheet before marking your answers.**
11. Each question is provided with four choices (A), (B), (C) and (D) having one correct answer. Choose the correct answer and darken the bubble corresponding to the question number using Blue or Black Ball-Point Pen in the OMR Answer Sheet.
12. **Each correct answer carries 1 mark and for each wrong answer 1/3 mark will be deducted. No negative mark for unattended questions.**
13. No candidate will be allowed to leave the examination hall till the end of the session and without handing over his/her Answer Sheet to the Invigilator. Candidates should ensure that the Invigilator has verified all the entries in the Register Number Coding Sheet and that the Invigilator has affixed his/her signature in the space provided.
14. Strict compliance of instructions is essential. Any malpractice or attempt to commit any kind of malpractice in the Examination will result in the disqualification of the candidate.

Visit KPSCHub.in
More QPs & Answer Keys

1. Which of the following statements is/are INCORRECT?

(1) During the reign of Uthram Thirunal Marthanda Varma the capital of Travancore was Kalkulam

(2) Karthika Thirunal Rama Varma built Nedumkotta

(3) Rani Gouri Parvathi Bhai abolished slave trade in Travancore

(4) *Pandara Patta Proclamation* was issued by Maharaja Ayilyam Thirunal Ramavarma

(A) (2) & (4) (B) (3)

(C) (1) (D) All the above

2. Match the following

Indo-Pak agreements and declarations with the respective years in which they were signed, in the context of India's foreign policy.

(i)	Shimla Agreement	(a)	1989
(ii)	Agra Summit	(b)	1999
(iii)	Rajiv Gandhi-Benazir Bhutto Summit	(c)	1972
(iv)	Lahore Summit	(d)	2001

(A) (i)-(c), (ii)-(b), (iii)-(d), (iv)-(a)

(B) (i)-(c), (ii)-(d), (iii)-(a), (iv)-(b)

(C) (i)-(c), (ii)-(b), (iii)-(a), (iv)-(d)

(D) (i)-(a), (ii)-(b), (iii)-(c), (iv)-(d)

3. Arrange the following events related with American Revolution in chronological order

(1) Stamp Act

(2) Sugar Act

(3) Townshend Act

(4) Boston Tea Party

(A) (1), (3), (2), (4) (B) (3), (1), (4), (2)

(C) (2), (1), (3), (4) (D) (1), (2), (3), (4)

Visit KPSCHub.in
More QPs & Answer Keys

1. താഴെ പറയുന്നവയിൽ ഏതെല്ലാം പ്രസ്താവനകളാണ് തെറ്റായത്?

(1) ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് തിരുവിതാംകൂറിന്റെ തലസ്ഥാനം കൽക്കുളം ആയിരുന്നു.

(2) കാർത്തിക തിരുനാൾ രാമവർമ്മയാണ് നെടുങ്കോട്ട നിർമ്മിച്ചത്.

(3) തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കിയത് റാണി ഗൗരി പാർവ്വതീ ഭായിയാണ്.

(4) പണ്ടാരപ്പാട്ട വിളംബരം പുറപ്പെടുവിച്ചത് മഹാരാജാ ആയില്യം തിരുനാൾ രാമവർമ്മയാണ്.

(A) (2) & (4) (B) (3)

(C) (1) (D) മുകളിൽ പറഞ്ഞവയെല്ലാം

2. പട്ടിക യോജിപ്പിക്കുക:

ഇന്ത്യയുടെ വിദേശനയവുമായി ബന്ധപ്പെട്ട ഇന്ത്യാ-പാകിസ്ഥാൻ കരാറുകളും പ്രഖ്യാപനങ്ങളും അവ ഒപ്പുവെച്ച വർഷങ്ങളുമായി യോജിപ്പിക്കുക.

(i)	ഷിംല കരാർ	(a)	1989
(ii)	ആഗ്ര ഉച്ചകോടി	(b)	1999
(iii)	രാജീവ് ഗാന്ധി - ബേനസീർ ഭൂട്ടോ ഉച്ചകോടി	(c)	1972
(iv)	ലാഹോർ ഉച്ചകോടി	(d)	2001

(A) (i)-(c), (ii)-(b), (iii)-(d), (iv)-(a)

(B) (i)-(c), (ii)-(d), (iii)-(a), (iv)-(b)

(C) (i)-(c), (ii)-(b), (iii)-(a), (iv)-(d)

(D) (i)-(a), (ii)-(b), (iii)-(c), (iv)-(d)

3. അമേരിക്കൻ വിപ്ലവവുമായി ബന്ധപ്പെട്ട താഴെ പറയുന്ന സംഭവങ്ങളെ കാലക്രമത്തിൽ ക്രമീകരിക്കുക

(1) സ്റ്റാമ്പ് നിയമം

(2) ഷുഗർ നിയമം

(3) ടൗൺഷെൻഡ് നിയമം

(4) ബോസ്റ്റൺ ടീ പാർട്ടി

(A) (1), (3), (2), (4) (B) (3), (1), (4), (2)

(C) (2), (1), (3), (4) (D) (1), (2), (3), (4)

Visit KPSCHub.in
More QPs & Answer Keys

4. The characterization of the Revolt of 1857 as a 'Feudal counter-Revolution' has been put forward by which of the following historians?

(1) M.N Roy

(2) R.P Dutt

(3) R.C Majumdar

(4) G.B. Malleson

(A) (1), (2) & (3) (B) (3) & (4)

(C) (2) & (3) (D) (1) & (2)

5. India's first Green Forge Complex, designed for testing and experimentation with genetically modified crops under controlled simulation-chamber conditions, was recently inaugurated at which a place?

(A) Mohali (B) Pune

(C) Jabalpur (D) Mumbai

6. Who was the leader of salt satyagraha march from Palakkad to Payyannur?

(A) K. Kelappan (B) N.C. Shekhar

(C) T.R. Krishnaswami Aiyer (D) K. Madhavan Nair

7. According to the Big Bang theory, the observed expansion of the universe is best interpreted as:

(A) Galaxies moving away from a fixed point located at the centre of the universe

(B) The universe expanding from an extremely hot and dense early state

(C) The Solar System expanding as a result of increasing solar radiation

(D) New galaxies continuously forming at the outer boundary of the universe

8. A seismic wave is recorded at stations on the opposite side of the Earth from a major earthquake, but certain types of waves are absent from particular zones. This observation provides evidence that the Earth:

(A) Has a completely uniform interior

(B) Consists of layers with different physical properties

(C) Is composed entirely of solid rock

(D) Has the same density throughout its interior

Visit KPSCHub.in
More QPs & Answer Keys

4. 1857-ലെ കലാപത്തെ 'ഫ്യൂഡൽ പ്രതി-വിപ്ലവം' എന്ന് വിശേഷിപ്പിച്ചത് താഴെ പറയുന്നവരിൽ ഏത് ചരിത്രകാരനാണ്/ചരിത്രകാരന്മാരാണ്?

(1) എം.എൻ. റോയ്

(2) ആർ.പി. ദത്ത്

(3) ആർ.സി. മജുംദാർ

(4) ജി.ബി. മല്ലെസൺ

(A) (1), (2) & (3) (B) (3) & (4)

(C) (2) & (3) (D) (1) & (2)

5. നിയന്ത്രിതമായ സിമുലേഷൻ-ചേംബർ സാഹചര്യങ്ങളിൽ ജനിതകമാറ്റം വരുത്തിയ വിളകളുടെ പരീക്ഷണങ്ങൾക്കും പരിശോധനകൾക്കുമായി രൂപകൽപ്പന ചെയ്ത ഇന്ത്യയിലെ ആദ്യത്തെ 'ഗ്രീൻ ഫോർജ് കോംപ്ലക്സ്' അടുത്തിടെ ഏത് സ്ഥലത്താണ് ഉദ്ഘാടനം ചെയ്തത്?

(A) മൊഹാലി (B) പൂനെ

(C) ജബൽപൂർ (D) മുംബൈ

6. പാലക്കാട് നിന്ന് പയ്യന്നൂരിലേക്ക് നടന്ന ഉപ്പുസത്യാഗ്രഹ ജാഥയുടെ നേതാവ് ആരായിരുന്നു?

(A) കെ. കേളപ്പൻ (B) എൻ.സി. ശേഖർ

(C) ടി.ആർ. കൃഷ്ണസ്വാമി അയ്യർ (D) കെ. മാധവൻ നായർ

7. ബിഗ് ബാങ് സിദ്ധാന്തമനുസരിച്ച്, പ്രപഞ്ചത്തിന്റെ നിരീക്ഷിക്കപ്പെട്ട വികാസത്തെ ഏറ്റവും കൃത്യമായി വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്:

(A) പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലുള്ള ഒരു നിശ്ചിത ബിന്ദുവിൽ നിന്ന് ഗാലക്സികൾ അകന്നുപോകുന്നു

(B) അതിതീവ്രമായ ചൂടും സാന്ദ്രതയുമുള്ള പ്രാരംഭ അവസ്ഥയിൽ നിന്ന് പ്രപഞ്ചം വികസിക്കുന്നു

(C) സൗരോർജ്ജ വികിരണം വർദ്ധിക്കുന്നതിനെത്തുടർന്ന് സൗരയൂഥം വികസിക്കുന്നു

(D) പ്രപഞ്ചത്തിന്റെ പുറം അതിർത്തിയിൽ പുതിയ ഗാലക്സികൾ നിരന്തരം രൂപപ്പെടുന്നു

8. ഒരു വലിയ ഭൂകമ്പത്തെത്തുടർന്ന് ഭൂമിയുടെ എതിർവശത്തുള്ള സ്റ്റേഷനുകളിൽ ഭൂകമ്പ തരംഗങ്ങൾ രേഖപ്പെടുത്താറുണ്ടെങ്കിലും, ചില പ്രത്യേക മേഖലകളിൽ ചില തരം തരംഗങ്ങൾ കാണപ്പെടുന്നില്ല. ഈ നിരീക്ഷണം തെളിയിക്കുന്നത് ഭൂമിക്ക്:

(A) പൂർണ്ണമായും ഏകീകൃതമായ ഒരു ഉൾഭാഗമാണുള്ളത്

(B) വ്യത്യസ്ത ഭൗതിക ഗുണങ്ങളുള്ള പാളികളാണുള്ളത്

(C) പൂർണ്ണമായും ഖരരൂപത്തിലുള്ള ശിലകളാണുള്ളത്

(D) ഉൾഭാഗത്തുടനീളം ഒരേ സാന്ദ്രതയാണുള്ളത്

Visit KPSCHub.in
More QPs & Answer Keys

9. A major reason why the Thar Desert receives much less rainfall than the eastern side of the Aravalli Range is that:

(A) The Aravalli Range runs approximately parallel to the southwest monsoon winds

(B) The Aravalli Range completely blocks the Arabian Sea branch of the monsoon

(C) The Thar Desert lies beyond the influence of both branches of the monsoon

(D) The Aravalli Range receives rainfall only from winter cyclones

10. A forest region in India has dense, multi-layered vegetation, trees of different heights, and very little seasonal leaf fall. Which climatic condition most likely supports this vegetation?

(A) High rainfall distributed through most of the year

(B) Moderate rainfall concentrated in a short summer season

(C) Low rainfall with prolonged dry periods

(D) Very low rainfall with high seasonal temperature variation

11. A river is navigable for a considerable distance, but its usefulness as an inland waterway declines during the dry season because its water depth becomes insufficient for larger vessels. Which factor is most directly responsible for this limitation?

(A) Seasonal variation in river discharge

(B) High humidity over the river basin

(C) High population density along the river

(D) Wide floodplains along the river

12. The development of El Niño conditions in 2026 is important for Kerala mainly because it can influence which major climatic system?

(A) Southwest monsoon circulation over the Indian subcontinent

(B) Winter western disturbances over northwestern India

(C) Northeast monsoon circulation over Tamil Nadu

(D) Himalayan snowfall through changes in western disturbances

Visit KPSCHub.in
More QPs & Answer Keys

9. ആരവല്ലി പർവ്വതനിരയുടെ കിഴക്കൻ ഭാഗത്തെ അപേക്ഷിച്ച് താർ മരുഭൂമിയിൽ വളരെ കുറഞ്ഞ മഴ ലഭിക്കുന്നതിനുള്ള പ്രധാന കാരണം:

(A) ആരവല്ലി പർവ്വതനിര തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾക്ക് ഏകദേശം സമാന്തരമായാണ് സ്ഥിതി ചെയ്യുന്നത്

(B) മൺസൂണിന്റെ അറബിക്കടൽ ശാഖയെ ആരവല്ലി പർവ്വതനിര പൂർണ്ണമായും തടയുന്നു

(C) മൺസൂണിന്റെ രണ്ട് ശാഖകളുടെയും സ്വാധീനപരിധിക്ക് പുറത്താണ് താർ മരുഭൂമി സ്ഥിതി ചെയ്യുന്നത്

(D) ശൈത്യകാല ചുഴലിക്കാറ്റുകളിൽ നിന്ന് മാത്രമേ ആരവല്ലി പർവ്വതനിരയിൽ മഴ ലഭിക്കുന്നുള്ളൂ

10. ഇന്ത്യയിലെ ഒരു വനമേഖലയിൽ ഇടതിങ്ങിയതും പല തട്ടുകളായുള്ളതുമായ സസ്യജാലങ്ങളും, വ്യത്യസ്ത ഉയരത്തിലുള്ള മരങ്ങളും, ഋതുഭേദമനുസരിച്ചുള്ള ഇലപൊഴിച്ചിൽ വളരെ കുറവായ അവസ്ഥയും കാണപ്പെടുന്നു. ഏത് കാലാവസ്ഥാ സാഹചര്യമാണ് ഇത്തരം സസ്യജാലങ്ങളെ വളരാൻ സഹായിക്കുന്നത്?

(A) വർഷത്തിൽ ഭൂരിഭാഗം സമയത്തും ലഭിക്കുന്ന ഉയർന്ന അളവിലുള്ള മഴ

(B) ചുരുങ്ങിയ വേനൽക്കാലത്ത് മാത്രം ലഭിക്കുന്ന മിതമായ മഴ

(C) നീണ്ട വരൾച്ചാ കാലഘട്ടങ്ങളോടുകൂടിയ കുറഞ്ഞ മഴ

(D) ഋതുഭേദമനുസരിച്ച് താപനിലയിൽ വലിയ വ്യത്യാസങ്ങളുള്ള വളരെ കുറഞ്ഞ മഴ

11. ഒരു നദിയിൽ ഗണ്യമായ ദൂരത്തേക്ക് ജലഗതാഗതം സാധ്യമാണ്, എന്നാൽ വരൾച്ചാക്കാലത്ത് വലിയ കപ്പലുകൾക്കോ വള്ളങ്ങൾക്കോ സഞ്ചരിക്കാൻ ആവശ്യമായ ആഴം ഇല്ലാത്തതിനാൽ ഉൾനാടൻ ജലപാതയെന്ന നിലയിലുള്ള അതിന്റെ ഉപയോഗക്ഷമത കുറയുന്നു. ഈ പരിമിതിക്ക് നേരിട്ട് കാരണമാകുന്ന ഘടകം ഏതാണ്?

(A) നദിയിലെ ജലപ്രവാഹത്തിലുണ്ടാകുന്ന കാലികമായ വ്യതിയാനം

(B) നദീതടത്തിലെ ഉയർന്ന ആർദ്രത

(C) നദീതീരത്തെ ഉയർന്ന ജനസാന്ദ്രത

(D) നദിക്കരികിലുള്ള വിശാലമായ വെള്ളപ്പൊക്ക സമതലങ്ങൾ

12. 2026-ൽ 'എൽ നിനോ' സാഹചര്യങ്ങൾ രൂപപ്പെടുന്നത് കേരളത്തിന് പ്രധാനമാണ്, കാരണം അത് ഏത് പ്രധാന കാലാവസ്ഥാ വ്യവസ്ഥയെ സ്വാധീനിക്കാൻ സാധ്യതയുണ്ട്?

(A) ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ്

(B) വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെ ശൈത്യകാല 'വെസ്റ്റേൺ ഡിസ്റ്റർബൻസസ്' (പടിഞ്ഞാറൻ അസ്വസ്ഥതകൾ)

(C) തമിഴ്നാട്ടിലെ വടക്കുകിഴക്കൻ മൺസൂൺ കാറ്റ്

(D) 'വെസ്റ്റേൺ ഡിസ്റ്റർബൻസസി'ലെ മാറ്റങ്ങൾ വഴിയുള്ള ഹിമാലയത്തിലെ മഞ്ഞുവീഴ്ച

Visit KPSCHub.in
More QPs & Answer Keys

13. Which of the following statement is / are NOT correct about the Planning Commission and NITI Aayog?

(i) The Planning Commission was a statutory body created by the Act of Parliament.

(ii) Like the Planning Commission, NITI Aayog has the power to allocate plan funds to the states.

(iii) NITI Aayog is a non-statutory, extra-constitutional body.

(A) (i) & (ii) only (B) (i) & (iii) only

(C) (ii) & (iii) only (D) (i), (ii) & (iii)

14. Which of the following statement is / are correct about Planning in India?

(i) The First Five-Year Plan gave the highest priority to rapid industrialization through heavy industries.

(ii) The Fifth Five-Year Plan was associated with the objective of removal of poverty.

(iii) The Twelfth Five-Year Plan visioned to fulfil Faster, Sustainable, and more Inclusive growth.

(A) (i) & (ii) only (B) (i) & (iii) only

(C) (ii) & (iii) only (D) (i), (ii) & (iii)

15. Identify the correct statement regarding Green Revolution in India.

(i) The Green Revolution was successful across all agricultural regions of the country.

(ii) The Green Revolution led to increased use of chemical fertilizers and pesticides.

(iii) The Green Revolution had no adverse environmental effects.

(A) (i) only (B) (iii) only

(C) (ii) only (D) (i) & (ii) only

16. Which of the following statement is / are correct about employment transformation in India?

(i) The share of agricultural employment fell slower than its GDP share.

(ii) A significant share of the workforce remains in low-productivity informal sectors.

(iii) The manufacturing sector's share in employment has steadily exceeded 25% since 1991.

(A) (i) only (B) (iii) only

(C) (ii) only (D) (i) & (ii) only

Visit KPSCHub.in
More QPs & Answer Keys

13. ആസൂത്രണ കമ്മീഷൻ, NITI ആയോഗ് എന്നിവയെക്കുറിച്ച് താഴെ പറയുന്നവയിൽ ഏത് പ്രസ്താവനയാണ്/പ്രസ്താവനകളാണ് ശരിയല്ലാത്തത്?

(i) പാർലമെന്റ് നിയമപ്രകാരം രൂപീകരിച്ച ഒരു നിയമപരമായ സ്ഥാപനമായിരുന്നു ആസൂത്രണ കമ്മീഷൻ.

(ii) ആസൂത്രണ കമ്മീഷനെപ്പോലെ, സംസ്ഥാനങ്ങൾക്ക് പദ്ധതി ഫണ്ട് അനുവദിക്കാനുള്ള അധികാരം NITI ആയോഗിനുമുണ്ട്.

(iii) NITI ആയോഗ് നിയമപരമായതോ ഭരണഘടനാപരമായതോ അല്ലാത്ത ഒരു സ്ഥാപനമാണ്.

(A) (i) & (ii) മാത്രം (B) (i) & (iii) മാത്രം

(C) (ii) & (iii) മാത്രം (D) (i), (ii) & (iii)

14. ഇന്ത്യയിലെ ആസൂത്രണത്തെക്കുറിച്ച് താഴെ പറയുന്നവയിൽ ഏത് പ്രസ്താവനയാണ്/ പ്രസ്താവനകളാണ് ശരിയായത്?

(i) ഒന്നാം പഞ്ചവത്സര പദ്ധതി വൻകിട വ്യവസായങ്ങളിലൂടെയുള്ള ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിന് ഉയർന്ന മുൻഗണന നൽകി.

(ii) അഞ്ചാം പഞ്ചവത്സര പദ്ധതി ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ടതായിരുന്നു.

(iii) വേഗതയേറിയതും സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ച കൈവരിക്കാനാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടത്.

(A) (i) & (ii) മാത്രം (B) (i) & (iii) മാത്രം

(C) (ii) & (iii) മാത്രം (D) (i), (ii) & (iii)

15. ഇന്ത്യയിലെ ഹരിത വിപ്ലവത്തെക്കുറിച്ചുള്ള ശരിയായ പ്രസ്താവന കണ്ടെത്തുക.

(i) രാജ്യത്തെ എല്ലാ കാർഷിക മേഖലകളിലും ഹരിതവിപ്ലവം വിജയിച്ചു.

(ii) ഹരിതവിപ്ലവം രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിലേക്ക് നയിച്ചു.

(iii) ഹരിതവിപ്ലവം പരിസ്ഥിതിക്ക് ദോഷകരമായ ഫലങ്ങളൊന്നും ഉണ്ടാക്കിയില്ല.

(A) (i) മാത്രം (B) (iii) മാത്രം

(C) (ii) മാത്രം (D) (i) & (ii) മാത്രം

16. ഇന്ത്യയിലെ തൊഴിൽ മേഖലയിലെ മാറ്റങ്ങളെക്കുറിച്ച് താഴെ പറയുന്നവയിൽ ഏതെല്ലാം പ്രസ്താവനകളാണ് ശരിയായത്?

(i) GDPയിലെ വിഹിതത്തേക്കാൾ സാവധാനത്തിലാണ് കാർഷിക തൊഴിൽ മേഖലയിലെ വിഹിതം കുറഞ്ഞത്.

(ii) തൊഴിൽ സേനയുടെ വലിയൊരു ഭാഗം കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ള അനൗദ്യോഗിക മേഖലകളിൽ തുടരുന്നു.

(iii) 1991 മുതൽ തൊഴിൽ മേഖലയിൽ നിർമ്മാണ മേഖലയുടെ വിഹിതം സ്ഥിരമായി 25%-ൽ കൂടുതലാണ്.

(A) (i) മാത്രം (B) (iii) മാത്രം

(C) (ii) മാത്രം (D) (i) & (ii) മാത്രം

Visit KPSCHub.in
More QPs & Answer Keys

17. Which of the following statements are correct about India's economic reform policies of 1991?

(i) In 1991 economic reforms, tariff rates were reduced in a phased manner to encourage greater trade integration.

(ii) Restrictions on foreign direct investment were removed completely for all sectors.

(iii) The number of industries reserved exclusively for the public sector was reduced from 17 to 8.

(A) (i) & (ii) only
(B) (i) & (iii) only
(C) (ii) & (iii) only
(D) (i), (ii) & (iii)

18. Which of the following are correctly matched?

	Scheme		Purpose
(i)	Pradhan Mantri Ujjwala Yojana	–	LPG connections to eligible households
(ii)	Pradhan Mantri Shram Yogi Maandhan	–	Pension for unorganized workers
(iii)	Pradhan Mantri MUDRA Yojana	–	Credit support for small & micro enterprises
(iv)	Sukanya Samriddhi Yojana	–	Savings scheme for the girl child

(A) (i) & (ii) only
(B) (i), (ii) & (iv) only
(C) (iii) & (iv) only
(D) (i), (ii), (iii) & (iv)

19. Identify the constitutional provision in India that aims to prevent the concentration of wealth and means of production to the common detriment.

(A) Article 38(2)
(B) Article 39(b)
(C) Article 39(c)
(D) Article 43A

Visit KPSCHub.in
More QPs & Answer Keys

17. 1991-ലെ ഇന്ത്യയുടെ സാമ്പത്തിക പരിഷ്കരണ നയങ്ങളെക്കുറിച്ച് താഴെ പറയുന്നവയിൽ ഏതെല്ലാം പ്രസ്താവനകളാണ് ശരിയായത്?

(i) 1991-ലെ സാമ്പത്തിക പരിഷ്കരണങ്ങളുടെ ഭാഗമായി, വ്യാപാര ഏകീകരണം പ്രോത്സാഹിപ്പിക്കുന്നതിനായി തീരുവ നിരക്കുകൾ ഘട്ടംഘട്ടമായി കുറച്ചു.

(ii) എല്ലാ മേഖലകളിലും നേരിട്ടുള്ള വിദേശ നിക്ഷേപത്തിനുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായും നീക്കം ചെയ്തു.

(iii) പൊതുമേഖലയ്ക്കായി മാത്രം സംവരണം ചെയ്തിരുന്ന വ്യവസായങ്ങളുടെ എണ്ണം 17-ൽ നിന്ന് 8-ആയി കുറച്ചു.

(A) (i) & (ii) മാത്രം
(B) (i) & (iii) മാത്രം
(C) (ii) & (iii) മാത്രം
(D) (i), (ii) & (iii)

18. താഴെ പറയുന്നവയിൽ ശരിയായി യോജിപ്പിച്ചിരിക്കുന്നത് ഏതെല്ലാം?

	പദ്ധതി		ലക്ഷ്യം
(i)	പ്രധാൻ മന്ത്രി ഉജ്ജ്വല യോജന	–	അർഹരായ കുടുംബങ്ങൾക്ക് LPG കണക്ഷനുകൾ നൽകുക
(ii)	പ്രധാൻ മന്ത്രി ശ്രം യോഗി മാൻധൻ	–	അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ നൽകുക
(iii)	പ്രധാൻ മന്ത്രി മുദ്ര യോജന	–	ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾക്ക് വായ്പാ സഹായം നൽകുക
(iv)	സുകന്യ സമൃദ്ധി യോജന	–	പെൺകുട്ടികൾക്കായുള്ള സമ്പാദ്യ പദ്ധതി

(A) (i) & (ii) മാത്രം
(B) (i), (ii) & (iv) മാത്രം
(C) (iii) & (iv) മാത്രം
(D) (i), (ii), (iii) & (iv)

19. പൊതുതാൽപ്പര്യത്തിന് ഹാനികരമാംവിധം സമ്പത്തും ഉൽപ്പാദന ഉപാധികളും ഏതാനും ചിലരിലേക്ക് കേന്ദ്രീകരിക്കുന്നത് തടയാൻ ലക്ഷ്യമിടുന്ന ഇന്ത്യയിലെ ഭരണഘടനാപരമായ വ്യവസ്ഥ ഏതാണ്?

(A) അനുച്ഛേദം 38(2)
(B) അനുച്ഛേദം 39(b)
(C) അനുച്ഛേദം 39(c)
(D) അനുച്ഛേദം 43A

Visit KPSCHub.in
More QPs & Answer Keys

20. As per Article 169 of the Indian Constitution, which of the following correctly describes the constitutional procedure for creating a Legislative Council in a State?

(A) Legislative Assembly passes the resolution by special majority → Parliament passes a law → President gives assent → Legislative Council is constituted.

(B) Governor recommends creation → Legislative Assembly approves by simple majority → Parliament passes a law → President gives assent.

(C) Legislative Assembly passes the resolution by simple majority → President approves the proposal → Parliament passes a law → Governor constitutes the Council.

(D) Parliament passes a law → Legislative Assembly approves it by special majority → President gives assent → Governor constitutes the Council.

21. Which among the following statements about the Comptroller and Auditor General (CAG) is/are correct?

(1) The CAG is a constitutional authority that audits government receipts and is the guardian of the public purse.

(2) The CAG is appointed by the President of India via a warrant under hand and seal under Article 148.

(3) The CAG has a fixed term of 6 years or up to 62 years of age, whichever is earlier.

(4) The CAG is ineligible for any further office under the central or state governments.

(A) (1) only (B) (1), (2) and (4) only

(C) (1) and (2) only (D) (3) and (4) only

22. Part XIV-A of the Constitution of India, adopted through the 42nd amendment of 1976, deals with:

(A) Public Service Commissions (B) Tribunals

(C) Elections (D) Fundamental Duties

Visit KPSCHub.in
More QPs & Answer Keys

20. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 169 പ്രകാരം, ഒരു സംസ്ഥാനത്ത് നിയമസഭാ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള ഭരണഘടനാപരമായ നടപടിക്രമത്തെ താഴെ പറയുന്നവയിൽ ഏതാണ് ശരിയായി വിവരിക്കുന്നത്?

(A) നിയമസഭ പ്രത്യേക ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കുന്നു → പാർലമെന്റ് നിയമം പാസാക്കുന്നു → രാഷ്ട്രപതി അംഗീകാരം നൽകുന്നു → നിയമസഭാ കൗൺസിൽ രൂപീകരിക്കപ്പെടുന്നു.

(B) രൂപീകരണത്തിനായി ഗവർണർ ശുപാർശ ചെയ്യുന്നു → നിയമസഭ ലളിത ഭൂരിപക്ഷത്തോടെ അംഗീകരിക്കുന്നു → പാർലമെന്റ് നിയമം പാസാക്കുന്നു → രാഷ്ട്രപതി അംഗീകാരം നൽകുന്നു.

(C) നിയമസഭ ലളിത ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കുന്നു → രാഷ്ട്രപതി നിർദ്ദേശം അംഗീകരിക്കുന്നു → പാർലമെന്റ് നിയമം പാസാക്കുന്നു → ഗവർണർ കൗൺസിൽ രൂപീകരിക്കുന്നു.

(D) പാർലമെന്റ് നിയമം പാസാക്കുന്നു → നിയമസഭ പ്രത്യേക ഭൂരിപക്ഷത്തോടെ അത് അംഗീകരിക്കുന്നു → രാഷ്ട്രപതി അംഗീകാരം നൽകുന്നു → ഗവർണർ കൗൺസിൽ രൂപീകരിക്കുന്നു.

21. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനെ (CAG) കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ഏതെല്ലാം ശരിയാണ്?

(1) സർക്കാർ വരവുകൾ ഓഡിറ്റ് ചെയ്യുന്നതും പൊതുഖജനാവിന്റെ സംരക്ഷകനുമായ ഒരു ഭരണഘടനാപരമായ അധികാരിയാണ് CAG.

(2) ആർട്ടിക്കിൾ 148 പ്രകാരം, ഒപ്പും മുദ്രയും പതിച്ച വാറന്റിലൂടെ ഇന്ത്യയുടെ രാഷ്ട്രപതിയാണ് CAG-യെ നിയമിക്കുന്നത്.

(3) CAG-ക്ക് 6 വർഷം അല്ലെങ്കിൽ 62 വയസ്സ് വരെ (ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്) കാലാവധിയുണ്ട്.

(4) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ മറ്റൊരു പദവി വഹിക്കാൻ CAG അർഹനല്ല.

(A) (1) മാത്രം (B) (1), (2) & (4) മാത്രം

(C) (1) & (2) മാത്രം (D) (3) & (4) മാത്രം

22. 1976-ലെ 42-ാം ഭേദഗതിയിലൂടെ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഭാഗം XIV-A പ്രതിപാദിക്കുന്നത് എന്തിനെക്കുറിച്ചാണ്?

(A) പബ്ലിക് സർവീസ് കമ്മീഷനുകൾ (B) ട്രൈബ്യൂണലുകൾ

(C) തിരഞ്ഞെടുപ്പുകൾ (D) മൗലിക കടമകൾ

Visit KPSCHub.in
More QPs & Answer Keys

23. Identify the pairs of Articles of the Constitution of India and their provisions relating to the official language that is/are incorrectly matched.

(1) Article 345 – Language for communication between the Union and the states

(2) Article 349 – Language of the Supreme Court and High Courts

(3) Article 347 – Special provision relating to a language spoken by a section of a State's population

(4) Article 343 – Official language of the Union

(A) (1) only (B) (1), (2) and (4) only

(C) (1) and (2) only (D) (3) and (4) only

24. Which statement about the tenure of Panchayats under Article 243E is correct?

(A) A Panchayat has a five-year term from the date of its first meeting.

(B) A Panchayat continues until dissolved by the Governor.

(C) A Panchayat can continue beyond five years if elections are delayed.

(D) A reconstituted Panchayat always gets a fresh five-year term.

25. Match the following Articles with the provisions relating to services under the Union and the States:

(i)	Article 316	(a)	The Governor of the State has the power to make regulations for a State Public Service Commission.
(ii)	Article 317	(b)	The Chairman of a State Public Service Commission may be removed from office by the President of India on the ground of proved misbehaviour.
(iii)	Article 318	(c)	A State PSC Chairman is only eligible to be appointed as the Chairman or a member of the UPSC, or as the Chairman of another State PSC.
(iv)	Article 319	(d)	A member of a State Public Service Commission may resign by addressing the resignation to the Governor.

(A) (i)-(b), (ii)-(d), (iii)-(c), (iv)-(a) (B) (i)-(d), (ii)-(b), (iii)-(a), (iv)-(c)

(C) (i)-(b), (ii)-(c), (iii)-(d), (iv)-(a) (D) (i)-(a), (ii)-(d), (iii)-(c), (iv)-(b)

Visit KPSCHub.in
More QPs & Answer Keys

23. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിളുകളും അവയുടെ വ്യവസ്ഥകളും തമ്മിലുള്ള ജോഡികളിൽ തെറ്റായി യോജിപ്പിച്ചിട്ടുള്ളവ കണ്ടെത്തുക.

(1) ആർട്ടിക്കിൾ 345 – കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ആശയവിനിമയത്തിനുള്ള ഭാഷ

(2) ആർട്ടിക്കിൾ 349 – സുപ്രീം കോടതിയുടെയും ഹൈക്കോടതികളുടെയും ഭാഷ

(3) ആർട്ടിക്കിൾ 347 – ഒരു സംസ്ഥാനത്തെ ജനവിഭാഗം സംസാരിക്കുന്ന ഭാഷയുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥ

(4) ആർട്ടിക്കിൾ 343 – കേന്ദ്രത്തിന്റെ ഔദ്യോഗിക ഭാഷ

(A) (1) മാത്രം (B) (1), (2) & (4) മാത്രം

(C) (1) & (2) മാത്രം (D) (3) & (4) മാത്രം

24. ആർട്ടിക്കിൾ 243E പ്രകാരമുള്ള പഞ്ചായത്തുകളുടെ കാലാവധിയെക്കുറിച്ചുള്ള ഏത് പ്രസ്താവനയാണ് ശരി?

(A) ആദ്യ യോഗം ചേരുന്ന തീയതി മുതൽ അഞ്ച് വർഷമാണ് പഞ്ചായത്തിന്റെ കാലാവധി.

(B) ഗവർണർ പിരിച്ചുവിടുന്നത് വരെ പഞ്ചായത്ത് തുടരുന്നു.

(C) തിരഞ്ഞെടുപ്പ് വൈകുകയാണെങ്കിൽ ഒരു പഞ്ചായത്തിന് അഞ്ച് വർഷത്തിലധികം കാലാവധി തുടരാം.

(D) പുനഃസംഘടിപ്പിക്കപ്പെടുന്ന പഞ്ചായത്തിന് എപ്പോഴും പുതിയൊരു അഞ്ച് വർഷത്തെ കാലാവധി ലഭിക്കുന്നു.

25. കേന്ദ്ര-സംസ്ഥാന സർവീസുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെ പറയുന്ന ആർട്ടിക്കിൾകളുമായി യോജിപ്പിക്കുക:

(i)	ആർട്ടിക്കിൾ 316	(a)	സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുവേണ്ടി ചട്ടങ്ങൾ രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന ഗവർണർക്കുണ്ട്.
(ii)	ആർട്ടിക്കിൾ 317	(b)	തെളിയിക്കപ്പെട്ട ദുരുപെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനെ ഇന്ത്യയുടെ രാഷ്ട്രപതിക്ക് സ്ഥാനത്തുനിന്ന് നീക്കം ചെയ്യാവുന്നതാണ്.
(iii)	ആർട്ടിക്കിൾ 318	(c)	സംസ്ഥാന PSC ചെയർമാന് UPSC ചെയർമാനോ അംഗമായോ, അല്ലെങ്കിൽ മറ്റൊരു സംസ്ഥാന PSCയുടെ ചെയർമാനോ ആയി നിയമിക്കപ്പെടാൻ മാത്രമേ അർഹതയുള്ളൂ.
(iv)	ആർട്ടിക്കിൾ 319	(d)	സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനിലെ ഒരു അംഗത്തിന് ഗവർണർക്ക് രാജിക്കത്ത് നൽകിക്കൊണ്ട് രാജിവെക്കാവുന്നതാണ്.

(A) (i)-(b), (ii)-(d), (iii)-(c), (iv)-(a) (B) (i)-(d), (ii)-(b), (iii)-(a), (iv)-(c)

(C) (i)-(b), (ii)-(c), (iii)-(d), (iv)-(a) (D) (i)-(a), (ii)-(d), (iii)-(c), (iv)-(b)

Visit KPSCHub.in
More QPs & Answer Keys

26. Identify the Constitutional Amendment Act that introduced reservation for Economically Weaker Sections (EWS) in education and public employment?

(A) 91st Constitutional Amendment Act, 2003

(B) 97th Constitutional Amendment Act, 2011

(C) 102nd Constitutional Amendment Act, 2018

(D) 103rd Constitutional Amendment Act, 2019

27. The Protection of Women from Domestic Violence Act, 2005, is often described as primarily providing civil remedies to an aggrieved woman, rather than being centered on criminal prosecution. Which of the following best illustrates this civil character of the Act, while also reflecting its administrative machinery?

(A) The Act requires that every complaint be tried exclusively as a criminal case before a Sessions Court, with imprisonment as the sole remedy available.

(B) The Act empowers only the police to grant relief to an aggrieved woman, with no role for a Magistrate or any civil remedy whatsoever.

(C) The Act's primary remedies are protection orders, residence orders, and monetary relief granted by a Magistrate on application, with a Protection Officer appointed by the State Government to assist the aggrieved person in accessing these remedies.

(D) The Act applies only where the aggrieved woman and the respondent are already involved in a separate, pending civil suit for divorce.

Visit KPSCHub.in
More QPs & Answer Keys

26. വിദ്യാഭ്യാസത്തിലും പൊതുമേഖലാ തൊഴിലിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (EWS) സംവരണം ഏർപ്പെടുത്തിയ ഭരണഘടനാ ഭേദഗതി നിയമം ഏതാണ്?

(A) 91-ആം ഭരണഘടനാ ഭേദഗതി നിയമം, 2003

(B) 97-ആം ഭരണഘടനാ ഭേദഗതി നിയമം, 2011

(C) 102-ആം ഭരണഘടനാ ഭേദഗതി നിയമം, 2018

(D) 103-ആം ഭരണഘടനാ ഭേദഗതി നിയമം, 2019

27. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം, 2005 (The Protection of Women from Domestic Violence Act, 2005), ക്രിമിനൽ നടപടികളിൽ ഊന്നൽ നൽകുന്നതിനേക്കാൾ ഉപരിയായി, പരാതിക്കാരിയായ സ്ത്രീക്ക് സിവിൽ പരിഹാരങ്ങൾ നൽകുന്നതിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ നിയമത്തിന്റെ സിവിൽ സ്വഭാവത്തെയും അതിന്റെ ഭരണപരമായ സംവിധാനത്തെയും ഏറ്റവും മികച്ച രീതിയിൽ പ്രതിഫലിപ്പിക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ്?

(A) ഓരോ പരാതിയും സെഷൻസ് കോടതിയിൽ ഒരു ക്രിമിനൽ കേസ് എന്ന നിലയിൽ മാത്രം വിചാരണ ചെയ്യണമെന്നും, തടവുശിക്ഷ മാത്രമാണ് ലഭ്യമായ ഏക പരിഹാരമെന്നും ഈ നിയമം അനുശാസിക്കുന്നു.

(B) പരാതിക്കാരിയായ സ്ത്രീക്ക് ആശ്വാസം നൽകാൻ പോലീസിന് മാത്രമേ അധികാരമുള്ളൂ എന്നും, മജിസ്ട്രേറ്റിനോ സിവിൽ പരിഹാരങ്ങൾക്കോ ഇതിൽ യാതൊരു പങ്കുമില്ലെന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

(C) അപേക്ഷയുടെ അടിസ്ഥാനത്തിൽ മജിസ്ട്രേറ്റ് അനുവദിക്കുന്ന സംരക്ഷണ ഉത്തരവുകൾ, താമസത്തിനുള്ള ഉത്തരവുകൾ, സാമ്പത്തിക ആശ്വാസം എന്നിവയാണ് ഈ നിയമപ്രകാരമുള്ള പ്രധാന പരിഹാരങ്ങൾ; ഈ പരിഹാരങ്ങൾ ലഭ്യമാക്കുന്നതിൽ പരാതിക്കാരിയെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു സംരക്ഷണ ഉദ്യോഗസ്ഥനെ നിയമിക്കുന്നു.

(D) പരാതിക്കാരിയായ സ്ത്രീയും എതിർകക്ഷിയും വിവാഹമോചനത്തിനായി നിലവിലുള്ള മറ്റൊരു സിവിൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ ഈ നിയമം ബാധകമാകൂ.

Visit KPSCHub.in
More QPs & Answer Keys

28. Administrative Tribunals, such as the Central Administrative Tribunal, were originally intended by Parliament, through Articles 323A and 323B of the Constitution, to be the sole judicial forum for certain specified categories of disputes, to the exclusion of the High Courts' jurisdiction under Articles 226 and 227. Which of the following best reflects the position now settled by the Supreme Court on this exclusion of High Court jurisdiction?

(A) The power of judicial review of High Courts under Articles 226 and 227 is part of the basic structure of the Constitution. Therefore, provisions that exclude the jurisdiction of High Courts over matters decided by Tribunals are unconstitutional to that extent. Decisions of Tribunals remain subject to judicial scrutiny by a Division Bench of the jurisdictional High Court.

(B) The exclusion is fully valid and continues to operate exactly as originally enacted, since Parliament has plenary power under Articles 323A and 323B to exclude the High Courts' jurisdiction entirely.

(C) The Supreme Court has held that Administrative Tribunals themselves are unconstitutional bodies and can no longer function in any capacity.

(D) The exclusion applies to the Supreme Court's jurisdiction under Article 32 but was never intended to apply to the High Courts' jurisdiction under Articles 226 and 227 in the first place.

29. In addition to the right to a fair hearing and the rule against bias, Indian courts have increasingly recognized a further requirement applicable to administrative and quasi-judicial decision-making. Which of the following best describes this additional requirement?

(A) A requirement that every administrative decision be unanimous where the authority is a multi-member body, failing which the decision is automatically void.

(B) A requirement that every administrative decision be published in the Official Gazette before it can take legal effect, regardless of the nature of the decision.

(C) A requirement that the affected party must be represented by a legally qualified advocate before any adverse administrative order can be passed.

(D) A requirement that the administrative or quasi-judicial authority record reasons in support of its decision, since reasoned decisions act as a check against arbitrariness and enable meaningful judicial review of the decision.

Visit KPSCHub.in
More QPs & Answer Keys

28. ഭരണഘടനയുടെ 323A, 323B അനുച്ഛേദങ്ങളിലൂടെ പാർലമെന്റ് വിഭാവനം ചെയ്ത സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പോലുള്ള ഭരണപരമായ ട്രൈബ്യൂണലുകൾ, നിശ്ചിത വിഭാഗം തർക്കങ്ങൾക്ക് ഹൈക്കോടതികളുടെ അധികാരപരിധി (226, 227 അനുച്ഛേദങ്ങൾ പ്രകാരമുള്ളത്) ഒഴിവാക്കിക്കൊണ്ട് ഏക നീതിന്യായ വേദിയായി പ്രവർത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഹൈക്കോടതിയുടെ അധികാരപരിധി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി ഇപ്പോൾ സ്ഥിരീകരിച്ചിട്ടുള്ള നിലപാട് താഴെ പറയുന്നവയിൽ ഏതാണ് ഏറ്റവും മികച്ച രീതിയിൽ പ്രതിഫലിപ്പിക്കുന്നത്?

(A) 226, 227 അനുച്ഛേദങ്ങൾ പ്രകാരമുള്ള ഹൈക്കോടതികളുടെ ജുഡീഷ്യൽ റിവ്യൂ അധികാരം ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമാണ്. അതുകൊണ്ട്, ട്രൈബ്യൂണലുകൾ തീർപ്പുകൽപ്പിച്ച വിഷയങ്ങളിൽ ഹൈക്കോടതികളുടെ അധികാരപരിധി ഒഴിവാക്കുന്ന വ്യവസ്ഥകൾ അക്കാര്യത്തിൽ ഭരണഘടനാവിരുദ്ധമാണ്. ട്രൈബ്യൂണലുകളുടെ തീരുമാനങ്ങൾ ബന്ധപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ ജുഡീഷ്യൽ പരിശോധനയ്ക്ക് വിധേയമായി തുടരുന്നു.

(B) ഹൈക്കോടതികളുടെ അധികാരപരിധി പൂർണ്ണമായും ഒഴിവാക്കാൻ ആർട്ടിക്കിൾ 323A, 323B എന്നിവ പ്രകാരം പാർലമെന്റിന് സമ്പൂർണ്ണ അധികാരമുള്ളതിനാൽ, ഈ ഒഴിവാക്കൽ പൂർണ്ണമായും സാധുവാണ്; മാത്രമല്ല, അത് യഥാർത്ഥത്തിൽ നിയമമാക്കിയതുപോലെ തന്നെ തുടർന്നും നിലനിൽക്കുന്നു.

(C) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ തന്നെ ഭരണഘടനാവിരുദ്ധമായ സംവിധാനങ്ങളാണെന്നും അവയ്ക്ക് ഇനി ഒരു നിലയിലും പ്രവർത്തിക്കാൻ കഴിയില്ലെന്നും സുപ്രീം കോടതി വിധിച്ചിട്ടുണ്ട്.

(D) ഈ ഒഴിവാക്കൽ ആർട്ടിക്കിൾ 32 പ്രകാരമുള്ള സുപ്രീം കോടതിയുടെ അധികാരപരിധിക്ക് ബാധകമാണ്; എന്നാൽ ആർട്ടിക്കിൾ 226, 227 എന്നിവ പ്രകാരമുള്ള ഹൈക്കോടതികളുടെ അധികാരപരിധിക്ക് ഇത് ബാധകമാക്കാൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല.

29. നീതിയുക്തമായ വാദം കേൾക്കാനുള്ള അവകാശത്തിനും പക്ഷപാതത്തിനെതിരായ ചട്ടത്തിനും പുറമേ, ഭരണപരവും അർദ്ധ-ന്യായാധികാരപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ബാധകമായ മറ്റൊരു വ്യവസ്ഥ കൂടി ഇന്ത്യൻ കോടതികൾ അംഗീകരിച്ചുവരുന്നുണ്ട്. ഈ അധിക വ്യവസ്ഥയെ താഴെ പറയുന്നവയിൽ ഏതാണ് ഏറ്റവും മികച്ച രീതിയിൽ വിവരിക്കുന്നത്?

(A) ഒന്നിലധികം അംഗങ്ങളുള്ള ഒരു സമിതിയാണ് തീരുമാനമെടുക്കുന്നതെങ്കിൽ, ആ തീരുമാനം ഏകകണ്ഠമായിരിക്കണം എന്ന വ്യവസ്ഥ; അല്ലാത്തപക്ഷം ആ തീരുമാനം അസാധുവാകും.

(B) തീരുമാനത്തിന്റെ സ്വഭാവം എന്തുതന്നെയായാലും, നിയമപരമായ പ്രാബല്യം ലഭിക്കുന്നതിന് മുമ്പ് ഓരോ ഭരണപരമായ തീരുമാനവും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കണം എന്ന വ്യവസ്ഥ.

(C) പ്രതികൂലമായ ഏതെങ്കിലും ഭരണപരമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, ബാധിക്കപ്പെടുന്ന കക്ഷിയെ നിയമപരമായ യോഗ്യതയുള്ള ഒരു അഭിഭാഷകൻ പ്രതിനിധീകരിക്കണം എന്ന വ്യവസ്ഥ.

(D) ഭരണപരമോ അർദ്ധ-ന്യായാധികാരപരമോ ആയ അധികാരി തങ്ങളുടെ തീരുമാനത്തെ ന്യായീകരിക്കുന്ന കാരണങ്ങൾ രേഖപ്പെടുത്തണം എന്ന വ്യവസ്ഥ; കാരണം, കാരണങ്ങൾ വ്യക്തമാക്കിയുള്ള തീരുമാനങ്ങൾ ഏകപക്ഷീയമായ നടപടികളെ തടയുന്നതിനും തീരുമാനത്തിന്മേൽ അർത്ഥവത്തായ ജുഡീഷ്യൽ പരിശോധന സാധ്യമാക്കുന്നതിനും സഹായിക്കുന്നു.

Visit KPSCHub.in
More QPs & Answer Keys

30. Kerala is often described as having moved ahead of most other Indian States in the process of demographic transition, reflected in its relatively low birth and death rates and an ageing population profile. Which of the following best describes a significant administrative and policy implication that follows from this position in the demographic transition?

(A) A reduced need for any public expenditure on healthcare, since an ageing population by definition requires fewer health services than a younger population.

(B) A need for administrative planning to shift emphasis toward services such as geriatric healthcare, old-age social security, and elder-care infrastructure, alongside continuing attention to other population groups.

(C) An automatic increase in the State's working-age population as a proportion of the total population, requiring no policy attention to employment generation.

(D) A guarantee that the total population of the State will begin to increase rapidly in the coming decades, requiring large-scale new settlement planning.

31. Article 320(3) of the Constitution requires the Kerala Public Service Commission to be consulted by the Governor on specified matters, such as methods of recruitment and disciplinary matters concerning civil servants. Which of the following best reflects the settled legal position regarding this consultation requirement?

(A) The Constitution itself permits the Governor to make regulations specifying matters in respect of which it shall not be necessary for the Commission to be consulted, and courts have generally held that even where consultation is otherwise required, an action is not automatically invalidated merely because consultation did not take place.

(B) Consultation with the Commission is mandatory in every case without exception, and the Governor has no power to exempt any matter or category of matters from this requirement.

(C) The Commission's advice, once tendered, becomes legally binding on the Governor, and any departure from it can be struck down solely on that ground.

(D) The consultation requirement under Article 320(3) applies only to appointments made directly by the President, and has no application to appointments made by a Governor.

Visit KPSCHub.in
More QPs & Answer Keys

30. ജനസംഖ്യാ ഘടനയിലെ മാറ്റങ്ങളുടെ പ്രക്രിയയിൽ (demographic transition) മറ്റ് പല ഇന്ത്യൻ സംസ്ഥാനങ്ങളെക്കാളും മുന്നിലാണ് കേരളം എന്ന് വിശേഷിപ്പിക്കാറുണ്ട്; കുറഞ്ഞ ജനന-മരണ നിരക്കുകളിലും പ്രായമായവരുടെ എണ്ണം കൂടുതലായുള്ള ജനസംഖ്യാ ഘടനയിലും ഇത് പ്രതിഫലിക്കുന്നു. ജനസംഖ്യാ ഘടനയിലെ ഈ അവസ്ഥയിൽ നിന്ന് ഉണ്ടാകുന്ന സുപ്രധാനമായ ഭരണപരവും നയപരവുമായ ഒരു പ്രത്യാഘാതത്തെ താഴെ പറയുന്നവയിൽ ഏതാണ് ഏറ്റവും മികച്ച രീതിയിൽ വിവരിക്കുന്നത്?

(A) ആരോഗ്യപരിപാലനത്തിനായുള്ള പൊതുചെലവ് കുറയേണ്ടതിന്റെ ആവശ്യം; കാരണം, യുവജനസംഖ്യയെ അപേക്ഷിച്ച് പ്രായമായവരുടെ ജനസംഖ്യയ്ക്ക് കുറഞ്ഞ ആരോഗ്യ സേവനങ്ങൾ മാത്രമേ ആവശ്യമായി വരുന്നുള്ളൂ.

(B) മറ്റ് ജനവിഭാഗങ്ങൾക്കുള്ള സേവനങ്ങൾ തുടരുന്നതിനൊപ്പം തന്നെ, വയോജന ആരോഗ്യപരിപാലനം, വയോജന സാമൂഹിക സുരക്ഷ, വയോജന സംരക്ഷണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിലുള്ള ഭരണപരമായ ആസൂത്രണം ആവശ്യമായി വരുന്നു.

(C) മൊത്തം ജനസംഖ്യയിൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ള പ്രായത്തിലുള്ള വരുടെ അനുപാതത്തിൽ സ്വാഭാവികമായ വർദ്ധനവ് ഉണ്ടാകുന്നു, അതിനാൽ തൊഴിൽ സൃഷ്ടിക്കുന്നതിൽ നയപരമായ ശ്രദ്ധ ആവശ്യമില്ല.

(D) വരും ദശകങ്ങളിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യ അതിവേഗം വർദ്ധിക്കുമെന്ന ഉറപ്പ്, അതിനാൽ വലിയ തോതിലുള്ള പുതിയ വാസസ്ഥല ആസൂത്രണം ആവശ്യമായി വരുന്നു.

31. സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ നിയമന രീതികൾ, അച്ചടക്ക നടപടികൾ തുടങ്ങിയ വിഷയങ്ങളിൽ കേരള പബ്ലിക് സർവീസ് കമ്മീഷനുമായി ഗവർണർ കൂടിയാലോചിക്കണമെന്ന് ഭരണഘടനയുടെ 320(3)-ആം അനുച്ഛേദം അനുശാസിക്കുന്നു. ഈ കൂടിയാലോചനയുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമപരമായ നിലപാടിനെ ഏറ്റവും കൃത്യമായി പ്രതിഫലിപ്പിക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ്?

(A) കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് ചട്ടങ്ങൾ രൂപീകരിക്കാൻ ഗവർണർക്ക് ഭരണഘടന തന്നെ അധികാരം നൽകുന്നുണ്ട്. കൂടാതെ, കൂടിയാലോചന നിർബന്ധമായ സാഹചര്യങ്ങളിൽ പോലും, അത് നടക്കാതെ പോയതുകൊണ്ട് മാത്രം ഒരു നടപടി അസാധുവാകില്ലെന്ന് കോടതികൾ പൊതുവെ നിരീക്ഷിച്ചിട്ടുണ്ട്.

(B) എല്ലാ സാഹചര്യങ്ങളിലും കമ്മീഷനുമായുള്ള കൂടിയാലോചന നിർബന്ധമാണ്; ഏതെങ്കിലും വിഷയത്തെയോ വിഷയങ്ങളുടെ വിഭാഗത്തെയോ ഈ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാൻ ഗവർണർക്ക് അധികാരമില്ല.

(C) കമ്മീഷൻ നൽകുന്ന ഉപദേശം ഗവർണർക്ക് നിയമപരമായി ബാധകമാണ്; അതിൽ നിന്നുള്ള ഏതൊരു വ്യതിചലനവും ആ കാരണത്താൽ മാത്രം റദ്ദാക്കാവുന്നതാണ്.

(D) 320(3)-ആം അനുച്ഛേദപ്രകാരമുള്ള കൂടിയാലോചന വ്യവസ്ഥ രാഷ്ട്രപതി നേരിട്ട് നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ ബാധകമാകൂ; ഗവർണർ നടത്തുന്ന നിയമനങ്ങൾക്ക് ഇത് ബാധകമല്ല.

Visit KPSCHub.in
More QPs & Answer Keys

32. The Government e-Marketplace (GeM), which completed ten years of operation in August 2026, is designed as a unified digital platform for public procurement across Central and State Government bodies. Which of the following best explains how a platform of this kind is understood to serve as a control on administrative discretion in government purchasing?

(A) By eliminating the need for any budgetary sanction before a purchase is made, since all approvals are automatically granted by the platform itself.

(B) By transferring the final power to select a supplier entirely to a single private company that manages the platform, without any government oversight.

(C) By exempting all defence related procurement from any public disclosure of transaction data, in contrast to procurement by other government departments.

(D) By digitizing and standardizing the procurement process, through open online bidding, price-trend data, and automated, recorded workflows, thereby narrowing the scope for arbitrary, undocumented, or discretionary purchase decisions by individual officials.

33. Which of the following statements about the initiation and execution of muscle contraction is/are correct?

(i) An action potential travels along a motor nerve to its endings on muscle fibers, where the nerve releases a small amount of the neurotransmitter substance acetylcholine.

(ii) The acetylcholine acts on a local area of the muscle fiber membrane to open multiple acetylcholine-gated cation channels through protein molecules floating in the membrane.

(iii) Opening of the acetylcholine-gated channels allows large quantities of sodium ions move toward the exterior of the muscle fiber membrane. This produces a local depolarization, which subsequently causes voltage-gated sodium channels to open and initiates an action potential in the membrane.

(A) Only (ii) & (iii)
(B) Only (i) & (ii)
(C) Only (i) & (iii)
(D) All of the above (i), (ii) & (iii)

Visit KPSCHub.in
